20.04.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 18-01-05

# സെക്കന്റിൽ ദേഹബോധത്തിൽ നിന്ന് മുക്തമായി ജീവന്മുക്ത സ്ഥിതിയുടെ അനുഭവം ചെയ്യൂ മാസ്റ്റർ മുക്തി ജീവന്മുക്തിയുടെ ദാതാവാകൂ

ഇന്ന് ബാപ്ദാദാ നാനാഭാഗത്തുമുള്ള ഭാഗ്യവാന്മാരും സ്നേഹികളുമായ കുട്ടികളെയാണ് കാണുന്നത്. ഓരോ കുട്ടിയും സ്നേഹത്തിൽ മുഴുകിയിരിക്കുന്നു.ഈ പരമാത്മസ്നേഹം അലൗകീക സ്നേഹമാണ്. ഈ സ്നേഹമാണ് കുട്ടികളെ ബാബയുടേതാക്കിയത്.സ്നേഹമാണ് സഹജ വിജയി ആക്കിയത്.ഇന്ന് അമൃതവേള മുതൽ നാനാഭാഗത്തുമുള്ള കുട്ടികൾ ഓരോരുത്തരും തന്റെ സ്നേഹത്തിന്റെ മാല ബാബയെ അണിയിച്ചു കാരണം ഈ പരമാത്മ സ്നേഹം എന്തിനെ എന്താക്കി മാറ്റും എന്നത് ഓരോ കുട്ടിയ്ക്കും അറിയാം.സ്നേഹത്തിന്റെ അനുഭൂതിയാണ് അനേകം പരമാത്മ ഖജനാവുകളുടെ അധികാരിയാക്കുന്നത്.പരമാത്മാവിന്റെ സർവ്വ ഖജനാവുകളുടെയും ഗോൾഡൻ താക്കോൽ ബാബാ എല്ലാ കുട്ടികൾക്കും നൽകിയതാണ്.അറിയാമല്ലോ! ഏതാണ് ഗോൾഡൻ താക്കോൽ? ആ ഗോൾഡൻ താക്കോൽ ആണ് 'എന്റെ ബാബ".എന്റെ ബാബാ എന്ന് പറയുമ്പോൾ എല്ലാ ഖജനാവിന്റെയും അധികാരിയാകും.സർവ്വ പ്രാപ്തികളുടെ അധികാരത്തിനാൽ സമ്പന്നരായി, സർവ്വ ശക്തികളും നിറഞ്ഞ,മാസ്റ്റർ സർവ്വശക്തിവാൻ ആത്മാക്കളായി.അത്രയും സമ്പന്നരായ ആത്മാക്കളുടെ ഹൃദയത്തിൽ നിന്ന് ഉയരുന്ന ഗീതം ഏതാണ്?ബ്രാഹ്മണരുടെ ഖജനാവിൽ അപ്രാപ്തമായി ഒന്നുമില്ല.

ഇന്നത്തെ ദിവസത്തെ സ്മൃതി ദിവസം എന്നാണ് പറയുന്നത്,കുട്ടികളായ നിങ്ങൾക്ക് എല്ലാവർക്കും ഇന്ന് പ്രത്യേകിച്ച് ആദി ദേവ് ബ്രഹ്മാബാബയുടെ സ്മൃതിയാണ് വരുന്നത്. ബ്രഹ്മബാബ ബ്രാഹ്മണകുട്ടികളായ നിങ്ങളെ കാണുമ്പോൾ സന്തോഷിക്കുന്നു, കാരണം എന്ത്?ഓരോ ബ്രാഹ്മണ കുട്ടിയും കോടിയിൽ ഒരുവനായ ഭാഗ്യശാലി കുട്ടിയാണ്. സ്വന്തം ഭാഗ്യത്തെ അറിയുന്നുണ്ടോ! ബാപ്ദാദ ഓരോ കുട്ടിയുടെയും മസ്തകത്തിൽ പ്രകാശിക്കുന്ന ഭാഗ്യ നക്ഷത്രം കണ്ട് സന്തോഷിക്കുന്നു. ഇന്നത്തെ സ്മൃതിദിനത്തിലാണ് ബാബാ വിശ്വ സേവനത്തിന്റെ ചുമതലയുടെ കിരീടം കുട്ടികളെ ഏൽപ്പിച്ചത്. അതിനാൽ ഈ സ്മൃതിദിനം നിങ്ങൾ കുട്ടികളുടെ രാജാത്തിലകത്തിന്റെ ദിവസമാണ്.വിശേഷമായി സാകാര രൂപത്തിൽ കുട്ടികൾക്ക് വിൽപവർ വിൽചെയ്തു തരുന്ന ദിവസമാണ്.കുട്ടികൾ ബാബയെ പ്രത്യക്ഷമാക്കും എന്ന ചൊല്ല് സാകാരമാക്കുന്ന ദിവസമാണ്. കുട്ടികൾ നിമിത്തമായിരുന്നു നിസ്വാർത്ഥമായി വിശ്വ സേവനം ചെയ്യുന്നത് കണ്ടു ബാപ്ദാദ സന്തോഷിക്കുന്നു.ബാപ്ദാദ ചെയ്യിപ്പിക്കുന്നവനാണ്,ചെയ്യുന്നവരായ കുട്ടികളുടെ ഓരോ ചുവടും കണ്ടു സന്തോഷിക്കുന്നുണ്ട്, സേവനത്തിന്റെ സഫലതയ്ക്ക് വിശേഷ ആധാരമാണ് ചെയ്യിപ്പിക്കുന്നവനായ ബാബാ ചെയ്യൂന്ന ആത്മാവാകുന്ന എന്നിലൂടെ ചെയ്യിപ്പിക്കുകയാണ്.ഞാൻ ആത്മാവ് നിമിത്തമാണ്.നിമിത്ത ഭാവത്തിലൂടെ സ്വതവേ നിർമ്മാൻ സ്ഥിതി വരുന്നു.ദേഹാഭിമാനം കൊണ്ടുവരുന്ന ഞാൻ എന്ന ഭാവം നിർമ്മാൻ ഭാവത്തിൽ കൂടി സ്വതവേ സമാപ്തമാകും.ഈ ബ്രാഹ്മണ ജീവിതത്തിൽ ഏറ്റവും കൂടുതൽ വിഘ്നരൂപമാകുന്നത് ദേഹബോധത്തിന്റെ ഞാൻ എന്ന ഭാവം ആണ്. ചെയ്യിപ്പിക്കുന്നവൻ ചെയ്യിപ്പിക്കുകയാണ്, ഞാൻ നിമിത്തമായി ചെയ്യുന്നവനായി ചെയ്തുകൊണ്ടിരിക്കുന്നു, എങ്കിൽ സഹജമായി ദേഹ അഭിമാനത്തിൽ നിന്ന് മുക്തമായി തീരുന്നു.ജീവൻമുക്തിയുടെ സുഖം അനുഭവമാകുന്നു.ജീവന്മുക്തി ഭാവിയിൽ ആണ് പ്രാപ്തമാകുന്നത് എന്നാൽ ഇപ്പോൾ

സംഗമയുഗത്തിലെ ജീവന്മുക്തിയുടെ അലൗകിക ആനന്ദം അതിനേക്കാൾ അലൗകികമായതാണ്.ബ്രഹ്മബാബയിൽ കണ്ടതുപോലെ കർമ്മം ചെയ്യുമ്പോഴും കർമ്മത്തിന്റെ ബന്ധനത്തിൽ നിന്ന് വേറിട്ടിരുന്നു. ജീവിതത്തിൽ കമല പുഷ്പ സമാനമായി വേറിട്ടും പ്രിയപെട്ടതും ആയി ഇരുന്നു.ഇത്രയും വലിയ കുടുംബത്തിന്റെ ചുമതല,ജീവിതത്തിന്റെ ചുമതല,യോഗി ആക്കുവാനുള്ള ചുമതല, ഫരിസ്ത യിൽ നിന്നും ദേവതയാക്കുന്നതിനുള്ള ചുമതല, എല്ലാ ചുമതലകൾ ഉണ്ടായിരുന്നിട്ടും നിശ്ചിന്ത ചക്രവർത്തി ആയിരുന്നു. ജീവന്മുക്ത സ്ഥിതി എന്ന് പറയുന്നത് ഇതാണ്.ഭക്തിമാർഗ്ഗത്തിലും ബ്രഹ്മാവിനെ കമല പുഷ്പത്തിൽ ഇരിക്കുന്നതാണ് കാണിക്കുന്നത്. കമലാസനധാരിയായിട്ടാണ് കാണിക്കുന്നത്.കുട്ടികളായ നിങ്ങളും സംഗമയുഗത്തിൽ തന്നെ ജീവൻമുക്തിയുടെ അനുഭവം ചെയ്യണം. ഈ സമയത്താണ് ബാപ്ദാദയിൽ നിന്ന് മുക്തിയുടെയും ജീവൻ മുക്തിയുടെയും സമ്പത്ത് പ്രാപ്തമാകുന്നത്. ഇപ്പോൾ മാസ്റ്റർ മുക്തി ജീവന്മുക്തി ദാതാവാകണം.ആയതാണ് ആകുകയും വേണം.മാസ്റ്റർ മുക്തി ജീവന്മുക്തി ദാതാവ് ആകുന്നതിനുള്ള വിധിയാണ് സെക്കന്റിൽ ദേഹബോധത്തിൽ നിന്നും മുക്തമാകൂ.ഇപ്പോൾ ഈ അഭ്യാസം ആവശ്യമാണ്.മനസ്സിന് മേൽ അത്രയ്ക്ക് നിയന്ത്രണം ഉണ്ടാകണം, സ്ഥൂലമായ കർമ്മേന്ദ്രിയങ്ങൾ, കൈയ്യ് അല്ലെങ്കിൽ കാല് ഇതിനെയെല്ലാം ആഗ്രഹിക്കുന്ന പോലെ ചലിപ്പിക്കാറുണ്ടല്ലോ,അതിന് സമയം എടുക്കാറുണ്ടോ? ഇപ്പോൾ കൈയ്യ് ഉയർത്തണം എങ്കിൽ കൂടുതൽ സമയം വേണമോ? ഉയർത്താനാകുമല്ലോ! ഇപ്പോൾ ബാപ്ദാദാ പറയുകയാണ് കൈയ്യ് മുകളിലേക്ക് ഉയർത്തണം, ഉയർത്തുമല്ലോ!ഇപ്പോൾ ചെയ്യേണ്ട, സാധിക്കു

ന്നതല്ലേ. അതുപോലെ മനസിനെയും ആഗ്രഹിക്കുന്നിടത്ത് ഏകാഗ്രമാക്കുവാൻ സാധിക്കണം. മനസ്സ് കൈകാലുകളെക്കാൾ സൂക്ഷ്മമമാണെങ്കിലും നിങ്ങളുടെ സ്വന്തമാണ്! എന്റെ മനസ്സ് എന്നാണു പറയുന്നത്, മനസ്സ് നിന്റേതാണ് എന്ന് പറയുകയില്ല! സ്ഥൂലമായ കർമ്മേന്ദ്രിയങ്ങൾ നിയന്ത്രണത്തിൽ വരുന്നതുപോലെ മനസ്സ് ബുദ്ധി സംസ്ക്കാരം നിയന്ത്രണത്തിൽ വരണം അപ്പോൾ നമ്പർ വൺ വിജയി എന്ന് പറയും. സയൻസ് റോക്കറ്റും മറ്റ് സാധനങ്ങളും കൊണ്ട് ഈ ലോകത്തിൽ മാത്രമാണ് എത്തുന്നത്. കൂടിയാൽ മറ്റ് ഗ്രഹങ്ങളിൽ വരെ പോകും. ബ്രാഹ്മണ ആത്മാക്കൾക്ക് മൂന്നു ലോകം വരെ എത്തിച്ചേരാൻ സാധിക്കും. സെക്കന്റിനുള്ളിൽ സൂക്ഷ്മ ലോകവും, നിരാകാര ലോകവും സ്തൂലത്തിൽ മധുബൻ വരെയും എത്താൻ കഴിയുമല്ലോ! മനസ്സിന് മധുബനിലേക്ക് പോകാൻ നിർദേശം കൊടുത്താൽ സെക്കന്റിനുള്ളിൽ എത്താൻ കഴിയുമോ? ശരീരം അല്ല, മനസ്സ് കൊണ്ട്. നിർദ്ദേശം കൊടുക്കൂ സൂക്ഷ്മ വദനത്തിൽ പോകണം, നിരാകാരി ലോകത്തിൽ പോകണം, മൂന്ന് ലോകങ്ങളിലും ആഗ്രഹിക്കുമ്പോൾ എല്ലാം മനസ്സിനെ കൊണ്ട് പോകാൻ സാധിക്കുമോ? ഇതിനുള്ള അഭ്യാസം ഉണ്ടോ? ഇപ്പോൾ ഈ അഭ്യാസമാണ് കൂടുതൽ ആവശ്യം. ബാപ്ദാദാ കണ്ടു അഭ്യാസം ചെയ്യുന്നുണ്ട് പക്ഷെ ആഗ്രഹിക്കുന്ന അത്രയും സമയം ഏകാഗ്രതയോടെ ഇരിക്കണം,അചഞ്ചലം ആയിരിക്കണം, ചഞ്ചലമാകരുത്, ഇതിൽ കൂടുതൽ ശ്രദ്ധിക്കണം.പറയാറുള്ളത് മനസ്സിനെ ജയിക്കുന്നവർ ലോകം കീഴടക്കും എന്നാണ്, ഇപ്പോൾ ഇടയ്ക്കൊക്കെ മനസാണ് ചതിക്കുന്നത്.

ബാപ്ദാദാ ഇന്ന് സമർത്ഥ ദിവസം ഈ ശക്തിയിൽ കൂടുതലായി ശ്രദ്ധ കൊടുക്കുന്നു.സ്വരാജ്യ അധികാരികളായ കുട്ടികൾ,ഈ അഭ്യാസത്തിൽ പ്രത്യേകമായി സദാ ശ്രദ്ധിക്കണം കാരണം അപ്രതീക്ഷിതത്തിന്റെ കളി കൂടുതൽ കാണുന്ന സമയമാണിത്. ഇതിനായി ഏകാഗ്രതയുടെ ശക്തി വേണം. ഏകാഗ്രതയുടെ ശക്തിയോടെയൊപ്പം ദൃഢതയുടെ ശക്തി സഹജമായി വന്ന് ചേരും.ദൃഢത സ്വതവേ സഫലത നേടി തരും. അതിനാൽ ഈ വിശേഷ സമർത്ഥ് ദിവസം ഈ ശക്തിയുടെ അഭ്യാസത്തിൽ പ്രതേകിച്ച് ശ്രദ്ധിക്കണം. ഭക്തി മാർഗ്ഗത്തിൽ പറയാറുണ്ടല്ലോ മനസ്സിനോട് തോറ്റാൽ പരാജയം, മനസ്സിനെ ജയിച്ചാൽ വിജയി ആകും.എന്റെ മനസ്സ് എന്നാണ് പറയുന്നത് അപ്പോൾ എന്റേതിന്റെ അധികാരിയായി ശക്തികളുടെ കടിഞ്ഞാൺ കൊണ്ട് വിജയം പ്രാപ്തമാക്കൂ. ഈ പുതിയ വർഷം ഈ ഹോം വർക്കിൽ പ്രത്യേകമായി ശ്രദ്ധിക്കൂ! ഇതിനെയാണ് പറയുന്നത് യോഗി എന്നാൽ ഇപ്പോൾ പ്രയോഗി ആകണം.

ഇന്നത്തെ ദിവസത്തെ സ്നേഹത്തിന്റെ ആത്മീയ സംഭാഷണം, സ്നേഹത്തോടെയുള്ള പരാതികൾ, സമാനമാകുന്നതിന്റെ ഉന്മേഷവും ഉത്സാഹവും മൂന്ന് പ്രകാരത്തിലെ ആത്മീയ സംഭാഷണം ബാപ്ദാദയുടെ അടുത്ത് എത്തി.കത്തുകൾ കിട്ടി,സംഭക്ഷണവും കേട്ടു, സന്ദേശങ്ങളും കിട്ടി, കുട്ടികളുടെ സ്നേഹവും ബാപ്ദാദാ സ്വീകരിച്ചു.പകരമായി ഹൃദയത്തിലെ സ്നേഹ സ്മരണകളും കൊടുത്തു.ഹൃദയംകൊണ്ട് ആശിർവാദവും നൽകി.ഓരോരുത്തരുടെയും പേരുകൾ പറയാൻ കഴിയില്ല.ധാരാളം പേർ ഉണ്ട്.എങ്കിലും ഒരോ കോണിലെയും,ഗ്രാമങ്ങളിലെയും, പട്ടണങ്ങളിലെയും എല്ലായിടത്തുമുള്ള കുട്ടികളുടെ, ബന്ധനമുള്ളവരുടെ,വിലപിക്കുന്നവരുടെ സർവ്വരുടേയും സ്നേഹ സ്മരണകൾ കിട്ടി. ഇപ്പോൾ ബാപ്ദാദാ പറയുന്നത് ഇതാണ്  സ്നേഹത്തിന് പകരമായി സ്വയം മാറൂ, പരിവർത്തനം ആകൂ. ഇപ്പോൾ സ്റ്റേജിൽ തന്റെ സമ്പന്ന സ്വരൂപം പ്രത്യക്ഷമാക്കൂ. തന്റെ സമ്പന്നതയിൽ കൂടി ദു:ഖവും അശാന്തിയും സമാപ്തമാകണം .ഇപ്പോൾ നമ്മുടെ സഹോദരങ്ങൾക്ക് കൂടുതൽ ദു:ഖം കാണാൻ കഴിയരുത്. ഈ ദു:ഖവും അശാന്തിയിൽ നിന്നും മുക്തി നൽകൂ. ഒത്തിരി ഭയപ്പെട്ടിരിക്കുകയാണ്. എന്താണ് ചെയ്യുക, എന്തായി മാറും.....,ഈ അന്ധകാരത്തിൽ തപ്പിത്തടയുകയാണ്. ഇപ്പോൾ ആത്മാക്കൾക്ക് വെളിച്ചത്തിന്റെ വഴി കാണിച്ചു കൊടുക്കൂ .ഉത്സാഹം ഉണ്ടോ? ദയ തോന്നുന്നുണ്ടോ? ഇനി പരിധിയില്ലാത്തതു കാണൂ, പരിധിയില്ലാത്തതിൽ ശ്രദ്ധിക്കൂ. ശരി. ഹോംവർക്ക് ഓർമ്മയുണ്ടല്ലോ! മറന്ന് പോകരുത്. സമ്മാനം നൽകും. ആരാണോ ഒരു മാസം പൂർണ്ണമായി മനസ്സിനെ നിയന്ത്രണ ശക്തിയിലൂടെ മുഴുവൻ മാസവും ആഗ്രഹിക്കുന്ന പോലെ ഏകാഗ്രമാക്കുന്നത്, ഈ ചാർട്ടിനുള്ള റിസൾട്ടിന് സമ്മാനം തരും.സമ്മതമല്ലേ? ആര് സമ്മാനം നേടും?പാണ്ഡവർ നേടുമോ, പാണ്ഡവർ മുന്നിലാണ്.പാണ്ഡവർക്ക് ആശംസകൾ ഉണ്ട്, ശക്തികളോ? എ വൺ. പാണ്ഡവർ നമ്പർ വൺ എങ്കിൽ ശക്തികൾ എ വൺ ആണ്. ശക്തികൾ എ വൺ ആയില്ലെങ്കിൽ പാണ്ഡവർ എ വൺ ആകും. ഇപ്പോൾ ഗതി കുറച്ച് തീവ്രമാക്കൂ. പതുക്കെപോരാ. തീവ്രഗതിയിലൂടെ ആണ് ആത്മാക്കളുടെ ദു?ഖവും വേദനകളും തീരുന്നത്. ആത്മാക്കളുടെ മേൽ
കരുണയുടെ കുട നിവർത്തൂ . ശരി.

ഡബിൾ വിദേശികളായ സഹോദരങ്ങളോട്: ഡബിൾ വിദേശി, ബാപ്ദാദാ പറയുന്നു ഡബിൾ വിദേശികൾ ഡബിൾ പുരുഷാർത്ഥത്തിൽ മുന്നേറുന്നവരാണ്.ഡബിൾ വിദേശി എന്നത് ടൈറ്റിൽ പോലെ ആണ്, നി

ങ്ങളുടെ അടയാളമാണ്. അതുപോലെ ഡബിൾ വിദേശി നമ്പർ വൺ ആകുന്നതിൽ ഡബിൾ വേഗതയിൽ മുന്നേറുന്നവരാണ്. നല്ലതാണ്.ഓരോ ഗ്രൂപ്പിലും ഡബിൾ വിദേശികളെ കാണുമ്പോൾ ബാപ്ദാദ സന്തോഷിക്കുന്നു ഭാരതവാസികളും നിങ്ങൾ എല്ലാവരെയും കണ്ടു സന്തോഷിക്കുന്നു. ബാപ്ദാദയും വിശ്വകല്യാണകാരിയുടെ ടൈറ്റിൽ കണ്ട് സന്തോഷിക്കുന്നു.ഇപ്പോൾ ഡബിൾ വിദേശികളുടെ പ്ലാൻ എന്താണ്? ബാപ്ദാദയ്ക്ക് സന്തോഷമായി, ആഫ്രിക്ക യിലുള്ളവർ തീവ്ര പുരുഷാർത്ഥം ചെയ്യുന്നു. നിങ്ങളും എല്ലാവരും നിങ്ങൾക്ക് ചുറ്റുമുള്ള ബാക്കി സഹോദരങ്ങൾക്ക് സന്ദേശം കൊടുക്കുവാൻ ഉന്മേഷം ഉത്സാഹം വയ്ക്കൂ. പരാതി വരരുത്.വൃദ്ധി ഉണ്ടാകുന്നു ഇനിയും വർധിക്കും എന്നാൽ ഇപ്പോൾ പരാതികൾ തീർക്കണം. ഈ വിശേഷത ഡബിൾ വിദേശികളെ കേൾപ്പിക്കാറുണ്ട്, നിഷ്കളങ്കനായ ബാബയെ സന്തോഷിപ്പിക്കാനുള്ള വഴിയാണ്  സത്യമായ മനസ്സിൽ സാഹബ് തൃപ്തനാകും., ഇത് ഡബിൾ വിദേശികളുടെ വിശേഷതയാണ്. വളരെ സമർത്ഥമായി ബാബയെ സന്തോഷിപ്പിക്കാൻ അറിയാം. ബാബയ്ക്ക് സത്യമായ മനസ്സ് പ്രീയപ്പെട്ടത് ആകാൻ കാരണമെന്ത്? കാരണം ബാബയെ സത്യം എന്നാണ് പറയുന്നത്. ഈശ്വരൻ സത്യം എന്ന് പറയുമല്ലോ! ബാപ്ദാദയ്ക്കും സത്യമായ മനസ്സ് ശുദ്ധമായ മനസ്സ് ഏറ്റവും ഇഷ്ടമാണ്. അങ്ങനെയല്ലേ! ശുദ്ധമായ മനസ്സാണ്,സത്യമായ മനസ്സാണ്. സത്യത ബ്രാഹ്മണ ജീവിതത്തിന്റെ മഹത്വമാണ്. അതിനാൽ ബാപ്ദാദ സദാ ഡബിൾ വിദേശികളെ ഓർമ്മിക്കും. പല രാജ്യങ്ങളിലെയും ആത്മാക്കൾക്ക് സന്ദേശം കൊടുക്കാൻ നിമിത്തമായി. ഏതെല്ലാം ദേശങ്ങളിൽ ഉള്ളവർ വന്നിട്ടുണ്ടെന്ന് നോക്കൂ. ആ ദേശങ്ങളുടെ എല്ലാം മംഗളം നടന്നു! നിങ്ങൾ കുറച്ചുപേരാണ് ഇവിടെ നിമിത്തമായി വന്നിട്ടുള്ളത്. ബാപ്ദാദ നാനാഭാഗത്തുമുള്ള ഡബിൾ വിദേശി കുട്ടികൾക്കും,നിമിത്തമായ കുട്ടികൾക്കും ആശംസകൾ തരുന്നു. പറക്കുകയും പറപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കൂ. പറക്കുന്ന കലയിലൂടെ സർവ്വരുടേയും മംഗളം ഉണ്ടാകും. എല്ലാവരും ഉന്മേഷം വീണ്ടെടുക്കുകയല്ലേ? ഉന്മേഷം ഉള്ളവരായോ? ഇത് സദാ കാണുമോ അതോ മധുബനിൽ തന്നെ പകുതി കളഞ്ഞിട്ട് പോകുമോ? കൂടെ ഉണ്ടാവുമോ, സദാ കാണുമോ? അമർ ഭവ യുടെ വരദാനം കിട്ടിയിട്ടുണ്ട്! അതിനാൽ ഉണ്ടാക്കിയ പരിവർത്തനം സദാ വർദ്ധിച്ചു കൊണ്ടിക്കും. അമരമായിരിക്കും. ശരി. ബാപ്ദാദയ്ക്ക് സന്തോഷമായി. നിങ്ങളും സന്താഷമായിരിക്കൂ മറ്റുള്ളവർക്ക് സന്തോഷം നൽകണം. ശരി.

ജ്ഞാന സരോവരത്തിന്റെ 10 വർഷം പൂർത്തിയായി : ശരി. നല്ലതാണ്, ജ്ഞാനസരോവരം ഒരു വിശേഷതയുടെ തുടക്കം കുറിച്ചു, ജ്ഞാന സരോവരം തുടങ്ങിയപ്പോൾ വിധി പൂർവ്വമായി വി.വി.ഐ. പി, വി.ഐ . പി പ്രോഗ്രാമുകൾ ആരംഭിച്ചു. നിരന്തരം ഓരോ വിംഗുകളുടെ പ്രോഗ്രാം നടന്നുകൊണ്ടിരിക്കുന്നു .ജ്ഞാന സരോവരത്തിൽ വരുന്ന ആത്മാക്കളുടെ സ്തൂല സേവനവും അലൗകീക സേവനവും വളരെ താത്പര്യത്തോടെ ചെയ്യുന്നുണ്ട് അതിനാൽ ജ്ഞാന സരോവരത്തിൽ ഉള്ളവർക്ക് ബാപ്ദാദ പ്രത്യേകിച്ച് ആശംസകൾ തരുന്നു. സേവനത്തിന്റെ ഫലമായി എല്ലാവരും സന്തോഷമായി മടങ്ങുന്നു, സന്തോഷത്തോടെ കൂടെയുള്ള വരെ വീണ്ടും കൊണ്ടുവരുന്നു. എല്ലാ ദിക്കുകളിലും ശബ്ദം കേൾപ്പിക്കാൻ ജ്ഞാനസരോവരം നിമിത്തമായി.അതിന് ആശംസകൾ. സദാ ആശംസകൾ നേടണം.ശരി.

ഇപ്പോൾ ഒരു സെക്കന്റ് മനസ്സിനെ ഏകാഗ്രമാക്കൂ.എല്ലാവരും ഒരു സെക്കന്റ് ബിന്ദു സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ.(ബാപ്ദാദ ഡ്രിൽ ചെയ്യിപ്പിച്ചു) ശരി. സദാ ഈ അഭ്യാസം ചെയ്തുകൊണ്ടിരിക്കണം.

നാനാഭാഗത്തുമുള്ള സ്നേഹി, ലൗവ് ലീൻ ആത്മാക്കൾക്ക്, സദാ ദയഹൃദയരായി ഓരോ ആത്മാക്കളെയും ദു:ഖവും അശാന്തിയിൽ നിന്നും മുക്തരാക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ തന്റെ മനസ്സും ബുദ്ധിയും സംസ്ക്കാരവും നിയന്ത്രണ ശക്തിയിലൂടെ നിയന്ത്രിക്കുന്ന മഹാ വീര ആത്മാക്കൾക്ക്,സദാ സംഗമയുഗത്തിൽ ജീവന്മുക്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്ന ബാപ്സമാനരായ ആത്മാക്കൾക്ക് കോടിമടങ്ങായി സ്നേഹ സ്മരണകളും നമസ്തേയും.

## വരദാനം : എല്ലാവർക്കും ആശ്രയം തരുന്ന ദയാഹൃദയനായ ബാബയുടെ കുട്ടികൾ ദയാ ഹൃദയരായി ഭവിക്കട്ടെ

യാചകരായി ആരെ കണ്ടാലും ഈ ആത്മാവിനും ആശ്രയം ലഭിക്കണം, ഇവരുടെ മംഗളം ഉണ്ടാവട്ടെ എന്ന് ദയാഹൃദയനായ ബാബയുടെ ദയാഹൃദയരായ കുട്ടികൾക്ക് ദയ തോന്നും. അവരുടെ സമ്പർക്കത്തിൽ വരുന്നവർക്കെല്ലാം ബാബയുടെ പരിചയം കൊടുക്കും. വീട്ടിലേക്കു ആര് വന്നാലും ആദ്യം അവരോടു വെള്ളം വേണമോ എന്ന് ചോദിക്കും ഒന്നും സ്വീകരിക്കാതെ അവർ പോകുന്നത് മോശമായിട്ട് കരുതുന്നത് പോലെ നിങ്ങളുടെ സമ്പർക്കത്തിൽ ആര് വന്നാലും അവർക്ക് ബാബയുടെ പരിചയമാകുന്ന

വെള്ളം തീർച്ചയായും നൽകണം. ദാതാവിന്റെ കുട്ടികൾ ദാതാവായി എന്തെങ്കിലുമൊക്കെ കൊടുക്കണം അതിലൂടെ അവർക്കും ആശ്രയം കിട്ടട്ടെ.

**സ്ലോഗൻ: യഥാർത്ഥ വൈരാഗ്യ വൃത്തിയുടെ സഹജ അർത്ഥമാണ് എത്രത്തോളം വേറിട്ടതാണോ അത്രയും പ്രീയമുള്ളത്.**

**അവ്യക്ത സൂചന: 'കമ്പയിന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയി ആകൂ'**

ഞാനും എന്റെ ബാബയും,ഈ സ്മൃതിയിലൂടെ കമ്പയിന്റ് ആയിരുന്നാൽ മായാജീത്ത് ആകും. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ഈ വാക്കിൽ ബാബയും കുട്ടിയും രണ്ടു പേരും കമ്പയിന്റാണ്. കുട്ടികളുടെ കൈകളും, കാര്യം ബാബയുടേതും. കൈകൾ കൊടുക്കുവാനുള്ള സുവർണ്ണാവസരം കുട്ടികൾക്കാണ് ലഭിക്കുന്നത്. എന്നാൽ ചെയ്യിപ്പിക്കുന്നയാൾ ചെയ്യിപ്പിക്കുന്നതായി അനുഭപ്പെടും. നിമിത്തമായി ചെയ്യിപ്പിക്കുകയാണ് സദാ ഈ ശബ്ദം മനസ്സിൽ നിന്ന് ഉയരും.